കുമളി പോളിടെക്നിക്ക് കെട്ടിടത്തിന്റെ നിർമ്മാണം

134 [3024] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമളി പോളിടെക്നിക്കിന് സ്വന്തമായി കെട്ടിടം നിലവിലില്ലാത്തതുകൊണ്ടും എ. ഐ. സി. റ്റി. ഇ.-യുടെ മാനദണ്ഡം പാലിക്കാത്തതുകൊണ്ടും അംഗീകാരം നഷ്ടപ്പെടുവാൻ സാദ്ധ്യതയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ബന്ധപ്പെട്ട ഉത്തരവുകൾ ലഭ്യമാക്കുമോ;

(സി) കുമളി പോളിടെക്നിക്ക് കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഏതെല്ലാം ഹെഡുകളിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) അനുബന്ധ സാമഗ്രികൾക്ക് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോന്നിനും എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഇ) ബന്ധപ്പെട്ട മുഴുവൻ ഉത്തരവുകളുടേയും കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 2004-05 വർഷത്തേക്ക് അംഗീകാരം കൊടുത്തിട്ടുണ്ട്.

(ബി) 2005-06-ൽ തുടർ അംഗീകാരത്തിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിന്റെ (അക്കാഡമിക് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്) നിർമ്മാണത്തിനുള്ള ടെണ്ടർ ആയി. തുടർന്ന് 24-1-2005-ൽ നിർമ്മാണത്തിനുള്ള തറക്കല്ല് ഇടുകയുണ്ടായി. നിർമ്മാണ ജോലികൾ ഊർജ്ജിതമായി നടന്നുവരുന്നു.

(സി) 4202-02-104 പോളിടെക്നിക്ക്-99 എന്ന ഹെഡിൽ 2005-06-ൽ 24,30,000 രൂപ കൂടാതെ 12,27,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ പോളിടെക്നിക്കുകളുടെ വികസനത്തിനുവേണ്ടി പദ്ധതി വിഹിത ഇനത്തിൽ 2005-06-ലെ ബഡ്ജറ്റിൽ 175 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ നിന്നുള്ള വിഹിതവും ഈ സ്ഥാപനത്തിന് ലഭിക്കുന്നതായിരിക്കും.

(ഇ) ഉത്തരവുകളുടെ കോപ്പികൾ അനുബന്ധമായി വയ്ക്കുന്നുണ്ട്.

1. സ്ഥാപനത്തിന് എ. ഐ. സി. റ്റി. ഇ. അംഗീകാരം നൽകിയ ഉത്തരവ് അനുബന്ധം I †.
2. ഭരണാനുമതി നൽകിയ ഉത്തരവ് അനുബന്ധം II. †
3. നിർമ്മാണ ജോലിക്കായി തറകല്ലിട്ടതു സംബന്ധിച്ച റിപ്പോർട്ട് അനുബന്ധം III †

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly